


# ഓണവിരുന്നും പെരുന്നാൾ വിരുന്നും

‘ഓ, ഇത്തവണ ഓണപ്പൂവിളിയും പെരുന്നാൾ തക്ബീറും ഒന്നിച്ചാണല്ലോ’ എന്ന് എന്റെ അമ്മ എന്നോട് പറഞ്ഞപ്പോൾ എനിക്കാദ്യം ഒന്നും മനസ്സിലായില്ല. എന്റെ കൂട്ടുകാരിയായ ബിസ്മി എന്നെ അവളുടെ വീട്ടിലേക്ക് ക്ഷണിച്ച കാര്യം ഞാൻ അമ്മയോട് പറഞ്ഞപ്പോഴാ അമ്മയിങ്ങനെ പറഞ്ഞത്.

കഴിഞ്ഞ ഓണക്കാലത്ത് എന്റെ കൂട്ടുകാരി എന്റെ വീട്ടിൽ വന്നിരുന്നു. സദ്യ അവൾക്കേറെ ഇഷ്ടമായെന്ന് അന്ന് പറഞ്ഞിരുന്നു.

വാക്കുകളുടെ മഹാബലി എന്ന് വിശേഷിപ്പിക്കപ്പെടുന്ന മലയാള കവി – പി. കുഞ്ഞിരാമൻ നായർ

ആ ഓണ അവധി കഴിഞ്ഞു വീണ്ടും സ്കൂളിലെത്തിയപ്പോൾ ബിസ്മി എനിക്കു കുറെ ഈത്തപ്പഴവും ബദാമും ചോക്കലേറ്റുമൊക്കെ തന്നു. ഞങ്ങളത് മറ്റ് കൂട്ടുകാരുമൊത്ത് സന്തോഷത്തോടെ കഴിച്ചത് ഇന്നലെ നടന്നതുപോലെയാ തോന്നുന്നത്.

'ഹൊ! എത്ര പെട്ടെന്നാ ദിവസങ്ങൾ ഓടുന്നതെന്ന്' ഇന്നലെയും അമ്മാമ്മ പറഞ്ഞത് എത്ര ശരിയാ!. എത്ര വേഗമാ വീണ്ടും ഓണം വന്നെത്തിയത്! 'കഴിഞ്ഞ തവണ ഞാൻ നിന്റെ വീട്ടിൽ വന്നതല്ലേ, ഇത്തവണ നീ എന്റെ വീട്ടിലേക്ക് തീർച്ചയായും വരണേ' എന്ന് ബിസ്മി പറഞ്ഞപ്പോൾ ഞാനൊന്നു മടിച്ചു. 'തീർച്ചയായും വരാമെന്ന്' വീട്ടിൽ ചോദിക്കാതെ ഞാനെങ്ങനെ എന്റെ കൂട്ടുകാരിയോട് ഉറപ്പു പറയും?

അങ്ങനെ ചിന്തിച്ച് സംശയിച്ചു നിന്നപ്പോൾ അവൾ എന്നോട് പിണക്കം നടിച്ചു. 'വന്നില്ലെങ്കി പിന്നെ ഞാൻ നിന്നോടിനി മിണ്ടൂലാ' എന്ന് കട്ടായം പറഞ്ഞപ്പോൾ എനിക്കാകെ വിഷമമായി. ഞാൻ വരാമെന്നു സമ്മതിച്ചപ്പോൾ അവൾക്കെന്തു സന്തോഷമായെന്നോ..! പിന്നെ വീട്ടിലെ വിശേഷം പറച്ചിലായിരുന്നു.

അവളുടെ വീട്ടുമുറ്റത്തെ മാവിനെ പറ്റിയും കുഞ്ഞനിയത്തിയെ പറ്റിയും ഉപ്പൂപ്പായെ പറ്റിയുമൊക്കെ ബിസ്മി വീണ്ടും പറഞ്ഞു. വീട്ടിൽ വരുമ്പോൾ അവൾക്ക് ഉപ്പ ഗൾഫിൽ നിന്ന് കൊടുത്തയച്ച പ്രിയപ്പെട്ട ചെറിയ ലാപ്പ്ടോപ്പ് എനിക്കു കാട്ടിത്തരാമെന്നും പറഞ്ഞു. ടീച്ചർ ക്ലാസിലെത്തും വരെ വാതോരാതെ വർത്തമാനം തന്നെയായിരുന്നു. അവളുടെ ബഹളം കേട്ടുകൊണ്ടാ ടീച്ചർ വന്നത്.

'എന്താ ബിസ്മീ, ഒച്ചയങ്ങു ഓഫീസ് റൂമിൽ കേൾക്കാമല്ലോ?' എന്ന് ടീച്ചർ ചോദിച്ചതും ക്ലാസിലാകെ കൂട്ടച്ചിരിയായി. 'അതേയ്, ടീച്ചറേ, ഞാനേ, വീട്ടുവിശേഷം പറഞ്ഞതാ. നന്ദ ഇത്തവണ എന്റെ വീട്ടില് വരൂലോ' എന്ന് ബിസ്മി ചമ്മൽ പുറത്തു കാട്ടാതെ വിളിച്ചു കൂവി. 'ഓ അപ്പോ ഞങ്ങളെയൊന്നും ക്ഷണിക്കുന്നില്ലേ' എന്നു ടീച്ചർ കളിയായി ചോദിച്ചു.

അപ്പോഴാ നോട്ടീസുമായി ആന്റി ക്ലാസ് റൂമിലേക്കു വന്നത്. എക്സാം ടൈംടേബിളിനൊപ്പം ഓണാവധിയെ പറ്റിയും നോട്ടീസിലുണ്ടായിരുന്നു. സ്കൂൾ ടൈം കഴിയും വരെ അമ്മയോടു പറയേണ്ട വിശേഷങ്ങൾ എന്റെ മനസ്സിൽ ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു.

ബിസ്മി എന്നെ അവളുടെ വീട്ടിലേക്ക് ക്ഷണിച്ചതായി പറഞ്ഞപ്പോൾ അമ്മ അപ്പോൾ തന്നെ സമ്മതം മൂളി. അച്ഛനോടു പറയാമെന്നും പറഞ്ഞു. ഓണവും പെരുന്നാളും ഏത് തീയതിയിലാണെന്ന് ഞാൻ അപ്പൂപ്പനോട് ചോദിച്ചു. ബിസ്മിയുടെ വീട്ടിൽ പോകുന്നതിനെ പറ്റിയും അപ്പൂപ്പനോട് പറഞ്ഞു.

ബിസ്മിയുടെ വീട്ടിലേക്കു പോകുമ്പോൾ കൊണ്ടുപോകാനായി ശർക്കര ഉപ്പേരിയും ചിപ്സും മതിയോ എന്ന് അപ്പൂപ്പൻ ചോദിച്ചു. മതിയെന്നു പറഞ്ഞപ്പോൾ അത് അപ്പൂപ്പൻ വാങ്ങിത്തരാമെന്നു പറഞ്ഞു. നാളെ സ്കൂളിൽ പോകാനും ബിസ്മിയെ കാണാനും ധൃതിയാകുന്നു. ഇക്കാര്യങ്ങൾ കേൾക്കുമ്പോൾ അവൾക്കും സന്തോഷമാകും.

ബിസ്മിയുടെ വീട്ടിലേക്ക് എന്നോടൊപ്പം ആരാകും കൂടെ വരിക?! അമ്മയോ അപ്പൂപ്പനോ വരുമായിരിക്കും. അവിടെയുള്ള മാവിന്റെ കൊമ്പ് വളരെ താഴ്ന്നതാണത്രേ. ബിസ്മി അതിൽ കയറിയിരുന്ന് ചാഞ്ചാടാറുണ്ടെന്ന് നേരത്തെ പലവട്ടം പറഞ്ഞിട്ടുണ്ട്. ഇത്തവണ എനിക്കും അതിലിരുന്ന് ചാഞ്ചാടണം. ഹായ്, എന്തു രസമായിരിക്കുമത്!!

അമ്മ ചിലപ്പോൾ അത് സമ്മതിച്ചെന്നു വരില്ല. കഴിഞ്ഞ ഓണത്തിന് ഊഞ്ഞാലിൽ കയറി ഞാനും ബിസ്മിയും സർക്കസ് കാട്ടിയതും ഉരുണ്ടു വീണ് തൊലി പോയതും ഇന്നലേം കൂടി അമ്മ പറഞ്ഞതേയുള്ളൂ. നോക്കട്ടെ, കുറെ അപേക്ഷിക്കുമ്പോൾ ഗതികെട്ട് അമ്മ സമ്മതിച്ചോളും. അതിനുള്ള പൊടിക്കൈയൊക്കെ എനിക്കറിയാലോ.



**ദേവനന്ദന വി എസ്,** ക്ലാസ് 7
സരസ്വതി വിദ്യാലയ,
അറപ്പുരമുക്ക്, വട്ടിയൂർക്കാവ്

മലർവാടി
Silver Hills, Kozhikode
Pin: 673012, Ph: 0495 2732 555
Email: malarvadicrc@gmail.com

വരിസംഖ്യ
1 വർഷം 350
2 വർഷം 700

Federal Bank
Nadakavu Branch
Current A/C No. 13000200015001
IFSC Code: FDRL0001300

**മലയാളത്തിലെ ആദ്യ വിലാപകാവ്യം- ഒരു വിലാപം (സി. എസ് സുബ്രഹ്മണ്യൻ പോറ്റി)**